ശ്രീ. ഈ. പി. പൗലോസ് : ഇവിടെ അതിന് സക്കാരിന്റെ പണം ചെലവു ചെയ്ത് ഇങ്ങനെയൊരു പ്ലാൻറുണ്ടാക്കിയാൽ അതുകൊണ്ട് എത്രമാത്രം പ്രയോജനമുണ്ടാകുമെന്നുള്ള കാര്യം കണ്ടറിയാം. ഇപ്പോഴത്തെ രീതിയിൽ തുടർന്നുപോയാൽ വലിയ നഷ്ടം കൂടാതെ ന്യായമായ ആദായം ലഭിക്കത്തക്ക വിധത്തിൽ നടക്കും. അതുകൊണ്ട് അങ്ങനെ ഒരു പ്ലാൻറ് തുടങ്ങണമെന്ന ഗവണ്മെൻറ് ഇപ്പോഴം ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഓരോ പ്രാവശ്യവും കാറടിക്കുമ്പോഴും ആയിരക്കണക്കിനു നാരങ്ങ കൊഴിഞ്ഞുപോകുന്നതുകൊണ്ട് അവിടെ ഒരു ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറ് സ്ഥാപിക്കുകയാണെങ്കിൽ ഗവണ്മെൻറിനു കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയും. ഇപ്പോഴത്തന്നെ വയനാട്ടിലുള്ള അമ്പല വയലിൽ പ്രവർത്തിക്കുന്ന യൂണിറ്റ് അവിടെ വേണ്ടെന്നുവച്ച് അതു പ്രൈവറ്റ് പാർട്ടിക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു കേൾക്കുന്നു. അങ്ങനെയാണെങ്കിൽ ഈ യൂണിറ്റ് നെല്ലിയാമ്പതിയിലേക്ക് മാറ്റുകയാണെങ്കിൽ കൂടുതൽ ലാഭമുണ്ടാക്കാൻ സാധിക്കുമെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനുവേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : വയനാട്ടിലുള്ള യൂണിറ്റ് സ്വകാര്യ ഉടമയ്ക്ക് കൊടുക്കുന്നതിനുള്ള ഏർപ്പാടെല്ലാം ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അത് മറെറാരു സ്ഥലത്തേക്ക് മാറ്റുക എന്നുള്ള പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഇന്നു വളരെയധികം നഷ്ടമുണ്ട്. ഒരു കാറടിച്ചാൽ മതി ആയിരക്കണക്കിനു നാരങ്ങ കൊഴിഞ്ഞുപോകുന്നുണ്ട്. ഈ നഷ്ടം ഒഴിവാക്കാൻവേണ്ടി അവിടെ ഒരു ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറ് സ്ഥാപിക്കുന്നതിനു ഗവണ്മെൻറ് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : കാറടിച്ചു വീഴുന്നതു പ്രത്യേകം ലേലം ചെയ്തു കൊടുക്കുന്നുണ്ട്. അവിടെ ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറാണ് കൂടുതൽ സൗകര്യമെന്ന മെമ്പർക്കഭിപ്രായമുണ്ടെങ്കിൽ അതു് എത്രമാത്രം ശരിയാണെന്നുള്ള കാര്യത്തെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : നെല്ലിയാമ്പതി തോട്ടത്തിൽ ആണ്ടിൽ എന്തുമാത്രം ചെലവുണ്ട്, അവിടെനിന്ന് എന്തു് ആദായം കിട്ടും, എന്തുമാത്രം പണം മുടക്കിയാൽ എത്ര ആദായം കിട്ടും, ഇപ്പോഴം അവിടെനിന്ന് എന്തു് ആദായം കിട്ടുന്നുണ്ട് എന്നുള്ള കാര്യത്തെപ്പറ്റി പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : അതാണ് ഇവിടെ പറഞ്ഞതു്.

കേരള വില്ലേജ് കോർട്ട് ആക്ട്.

* 415. [22] ശ്രീ. പി. കെ. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വില്ലേജ്കോർട്ട് ആക്ട് എന്നേക്ക് നടപ്പിലാക്കാമെന്നുദ്ദേശിക്കുന്നു ;

(ബി) പ്രസ്തുത ആക്ട് ഉടനടി നടപ്പിലാക്കുകയും വില്ലേജ് കോടതികളുടെ പുനഃസംഘടന ഉടനെ നടത്തുകയും ചെയ്യുന്നതിനു് വേണ്ട നടപടികളും അടിയന്തിരമായി സ്വീകരിക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ കെ. എ. ദാമോദര മേനോൻ) :

(എ) താമസിയാതെ നടപ്പിലാക്കാമെന്നു ഉദ്ദേശിക്കുന്നു.

(ബി) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly